**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1818** **02-02-2024 - ൽ മറുപടിയ്ക്ക്**

**വയോമിത്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വയോമിത്രം പദ്ധതി എന്ന് മുതലാണ് നടപ്പാക്കിയിട്ടുള്ളത്; പദ്ധതി പ്രകാരം എന്തൊക്കെ ആനുകൂല്യങ്ങളാണ് വിതരണം ചെയ്യുന്നത്; | (എ) | സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യ പരിരക്ഷയും, മാനസിക ഉല്ലാസവും അവരുടെ സ്ഥലങ്ങളിൽ തന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോട് കൂടി 2011 ഫെബ്രുവരിയിൽ അന്നത്തെ എൽ.ഡി.എഫ് സർക്കാരാണ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന"വയോമിത്രം" പദ്ധതി നടപ്പാക്കിയത്. നിലവിൽ സംസ്ഥാനത്തെ 6 കോർപ്പറേഷനുകൾ, 85 മുനിസിപ്പാലിറ്റികൾ, 4 ബ്ലോക്കുകൾ എന്നിവിടങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന 65 വയസ്സ് കഴിഞ്ഞവർക്ക് അവരുടെ വരുമാന പരിധി ബാധകമാക്കാതെ സൗജന്യമായി ജീവിതശൈലീ രോഗ നിയന്ത്രണ മരുന്നുകൾ, പാലിയേറ്റീവ് സേവനം, ഹെൽപ്പ്ഡെസ്കിന്റെ സേവനം, കൗൺസിലിംഗ് സേവനം, വാതിൽപ്പടി സേവനം എന്നിവ നൽകുന്നുണ്ട്. വയോമിത്രം ഹെൽപ്പ്ഡെസ്കിലൂടെ പുനരധിവാസം, നിയമസഹായം, ആംബുലൻസ് സേവനം, കിടപ്പിലായ വയോജനങ്ങൾക്കാവശ്യമായ സേവനങ്ങൾ എന്നിവയ്ക്കായി വയോജനങ്ങൾ ബന്ധപ്പെടുമ്പോൾ ബന്ധപ്പെട്ട വയോമിത്രം യൂണിറ്റ് നേരിട്ട് ഇടപെട്ട് ചെയ്യാൻ സാധിക്കുന്നവ നേരിട്ടും അല്ലാത്തവ ബന്ധപ്പെട്ട കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്തും ഇവർക്ക് ആവശ്യമായ സേവനം നൽകി വരുന്നു. കൂടാതെ വയോമിത്രം ഗുണഭോക്താക്കളിൽ തന്നെ ഒറ്റപ്പെടൽ അനുഭവിക്കുന്നവരും, മാനസിക സംഘർഷം അനുഭവിക്കുന്നവരുമായ വയോജനങ്ങൾക്ക് ആവശ്യമായ കൗൺസലിംഗ് കോർഡിനേറ്റർമാർ ഡോക്ടർമാരുമായി ചേർന്ന് നൽകി വരുന്നു. |
| (ബി) | പദ്ധതിയിൽ ജോലിചെയ്യുന്ന ആരോഗ്യപ്രവർത്തകർക്ക് വേതനം മുടങ്ങിയതോടെ | (ബി) | വയോമിത്രം പദ്ധതിയിൽ കരാർ/ ദിവസവേതനാടിസ്ഥാനത്തിൽ ആണ് ജീവനക്കാരെ |

| | | | |
|---|---|---|---|
| | അവരിൽ പകുതിയോളം പേർ അവധിയിൽ പ്രവേശിച്ചത് മൂലം വയോജന കേന്ദ്രങ്ങൾ പ്രതിസന്ധിയിൽ ആയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | | നിയോഗിച്ചിട്ടുള്ളത്. ടി ജീവനക്കാർക്ക് 2023 ഡിസംബർ വരെയുള്ള വേതനവും നൽകിയിട്ടുണ്ട്. ഇവർക്ക് വേതനം മുടങ്ങിയതായും ജീവനക്കാർ അവധിയിൽ പ്രവേശിച്ചതായും ഉള്ള വിഷയങ്ങൾ ഉണ്ടായിട്ടില്ല. ഇത് മൂലം വയോജന കേന്ദ്രങ്ങൾ പ്രധിസന്ധിയിൽ ആയിട്ടുള്ളതല്ല. വയോജന കേന്ദ്രങ്ങൾ സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ ആണ് പ്രവർത്തിക്കുന്നത്. വയോമിത്രം പദ്ധതിയുടെ സേവനം വയോജന കേന്ദ്രങ്ങളിലെ അന്തേവാസികൾക്കും ലഭ്യമാക്കുന്നുണ്ട്. |
| (സി) | ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ മുടക്കം വന്നിട്ടുണ്ടോ; എങ്കിൽ എത്ര നാളത്തെ ആനുകൂല്യങ്ങളാണ് വിതരണം ചെയ്യാൻ ഉള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | വയോമിത്രം പദ്ധതിയിലൂടെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി സംഘടിപ്പിക്കുന്ന ക്യാമ്പുകളിൽ വളരെ അപൂർവ്വം സന്ദർഭങ്ങളിൽ മാത്രം മരുന്നുകളുടെ ലഭ്യത കുറവ് നേരിടേണ്ടി വന്നിട്ടുണ്ടെങ്കിലും മറ്റു സേവനങ്ങൾക്ക് മുടക്കം വന്നിട്ടില്ല. |
| (ഡി) | പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി വേതനവും മറ്റ് ആനുകൂല്യങ്ങളും അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | വയോമിത്രം പദ്ധതിയിലെ ജീവനക്കാർക്ക് നിലവിൽ വേതനവും ആനുകൂല്യങ്ങളും വിതരണം ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ